# IISH

# NOTE

Scanned with CamScanner

# സനാതനധർമ്മ പഠനം - 1

## സനാതന ധർമ്മം പഠിച്ച് പഠിപ്പിക്കാനൊരു സിലബസും മാർഗരേഖയും

പതിനായിരം വർഷത്തെ പാരമ്പര്യമുള്ള ഹിന്ദുധർമ്മത്തിന്റെ അടിസ്ഥാന സന്ദേശം; “അസതോ മാ സത്ഗമയാ; തമസോമാ ജ്യോതിർഗമയാ; മൃത്യോർ മാ അമൃതം ഗമയ” എന്ന ഉപനിഷദ് ശാന്തി മന്ത്രമാണ്.

### A. ഭാരതീയ ഗ്രന്ഥങ്ങൾ പഠിക്കേണ്ട രീതി

**1. പുരാണങ്ങൾ** : ഒന്നാമത്തെ നിലവാരം

അസുര - രാക്ഷസ - ഋഷി - അവതാര - ദേവ രാജാക്കന്മാരുടെ കഥകളിലൂടെ ജീവിതത്തിലെ നന്മതിന്മകളുടെ ഫലങ്ങളും പ്രതിഫലങ്ങളും വിവരിക്കുന്നതാണ് 18 പുരാണങ്ങളും 18 ഉപപുരാണങ്ങളും. കഥകളിൽ നിന്ന് സന്ദേശങ്ങളെടുക്കാൻ പഠിപ്പിക്കുക.

**2. മഹാഭാരതം** : രണ്ടാമത്തെ നിലവാരം

1,25,000 ശ്ലോകങ്ങളുള്ള മഹാഭാരതത്തിൽ പാണ്ഡവരുടേയും കൗരവരുടെയും അവരുടെ കൂടെയുള്ളവരിലോരോരുത്തരുടെയും നന്മതിന്മകൾ നിറഞ്ഞ ജീവിതാനുഭവങ്ങളിൽ നിന്നും അവർക്കായി പറയുന്ന കഥകളിൽ നിന്നുമാണ് ജീവിത സന്ദേശമെടുക്കേണ്ടത്. ഏകദേശം 60,000 ശ്ലോകങ്ങൾ മൃഗങ്ങളുടേയും പക്ഷികളുടേയും കഥകളും 65,000 ശ്ലോകങ്ങൾ ഇരുപതോളം പ്രധാന ചരിത്രപുരുഷന്മാരുടെ ജീവിതാനുഭവങ്ങളുമാണ്.

**3. വാത്മീകി രാമായണം** : മൂന്നാമത്തെ നിലവാരം

കഥകളൊന്നുമില്ലാതെ, ശ്രീരാമനുമായി ബന്ധപ്പെട്ടവരുടെ ജീവിതാനുഭവങ്ങൾ വിവരിച്ച് അവരെപ്പോലെ ജീവിച്ചാൽ അവർക്കുണ്ടായ അനുഭവങ്ങൾ നമുക്കുമുണ്ടാകുമെന്ന് പഠിപ്പിക്കുന്നു. 24,000 ശ്ലോകങ്ങളിലൂടെ വാൽമീകി മഹർഷി 20 ഓളം ചരിത്ര പുരുഷന്മാരുടെ ജീവചരിത്രം രചിക്കുന്നു. ഇത് ആദികാവ്യമാണ്.

**4. വേദങ്ങൾ** : നാലാമത്തെ നിലവാരം

ധന്യമായ ജീവിതം നയിക്കാൻ, മനസ്സ്, ശരീരം, കുടുംബം, സംസ്കാരം, സമൂഹം, രാഷ്ട്രം, സർവ്വചരാചരങ്ങൾ ഇവയ്ക്കു സ്ഥിര വും ശാശ്വതവുമായ നന്മ വരാനുള്ള ഉപദേശങ്ങൾ നൽ കുന്നവയാണ് വേദങ്ങൾ. വേദ പദങ്ങൾ വേദശരീരവും സ്വരം ആത്മാവുമത്രെ. അതിനാൽ ശ്രദ്ധയോടെ പഠിക്കണം.

**5. ഉപനിഷത്തുകളും ദർശനങ്ങളും** : അഞ്ചാമത്തെ നിലവാരം

ജീവിതയാഥാർത്ഥ്യങ്ങൾ പദാനുപദം വിവരിച്ച് എങ്ങനെ ജീവിക്കണമെന്ന് ഈ ഗ്രന്ഥങ്ങൾ അറിയിക്കുന്നു. അത്യുന്നത പദവിയിലെത്താനുള്ളതാണ് ഈ ഗ്രന്ഥങ്ങളിലെ വിവരങ്ങൾ. 108 ഉപനിഷത്തുകളുള്ളതിൽ പ്രധാനപ്പെട്ടത് 18 ഉപനിഷത്തുകളാണ്. 6+1 ദർശനങ്ങളുമുണ്ട്.

### B. ഭാരതീയ ആചാരങ്ങൾ പഠിക്കേണ്ട രീതി

**6. മനസ്സിന് നന്മ വരുത്തുന്ന ആചാരങ്ങൾ** :

ഈ ആചാരങ്ങൾ നമ്മുടെ ചിന്തകളെയും പ്രവൃത്തിയെയും സ്വാധീനിക്കുന്നു. മനസ്സിനെ തിന്മയിൽ നിന്ന് നന്മയിലേക്കും, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും, അശാന്തിയിൽ നിന്ന് ശാന്തിയിലേക്കും നയിക്കണം. അനുഗ്രഹിക്കുക, ആശ്വസിപ്പിക്കുക, കഥകൾ - അനുഭവങ്ങൾ - ജീവിതസത്യങ്ങൾ ഉപദേശങ്ങൾ, മന്ത്രങ്ങൾ, പ്രാർത്ഥനകൾ കേൾക്കുക കേൾപ്പിക്കുക പ്രാർത്ഥിക്കുക.

**7. ശരീരത്തിന് ആരോഗ്യം നൽകുന്ന ആചാരങ്ങൾ** :

രോഗത്തെയകറ്റി തളരുന്ന ശരീരത്തെ വളരുന്ന ശരീരമാക്കുന്ന ആചാരങ്ങൾ. പ്രഭാതകൃത്യങ്ങളെല്ലാം ഇതിൽപെടുന്നു. സൂര്യനമസ്കാരം, യോഗ, ഭക്ഷണക്രമങ്ങൾ, വ്രതം, ഇവയെല്ലാം ഇത്തരത്തിലുള്ളതാണ്. നേരത്തേ ഉണരുക, കിടക്കയിലെ പ്രാർത്ഥന, സ്നാനം, ഉറങ്ങുന്ന രീതി എല്ലാം ശരീരത്തെ നന്മ നിറഞ്ഞ രീതിയിൽ ബാധിക്കുന്നു.

**8. കുടുംബ ബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ** :

മാതാ - പിതാ, ഭാര്യ - ഭർത്തൃ, മാതൃ - പിതൃ, പുത്ര - പുത്രീ സഹോദരബന്ധങ്ങൾ ദൃഢമാക്കുന്ന ആചാരങ്ങൾ. ഛിദ്രമാകുന്ന കുടുംബ ബന്ധങ്ങളെ ഭദ്രമാക്കുവാനുള്ളതാണിത്. കുടുംബക്ഷേത്ര സങ്കല്പം തന്നെ ഇതിനുള്ളതാണ്.

**9. സമൂഹബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ** :

വ്യത്യസ്ത വിഭാഗം ജനങ്ങളെ കോർത്തിണക്കുന്നതിനായുള്ള ആചാരങ്ങൾ, ഉത്സവങ്ങളും, ആഘോഷങ്ങളും, ക്ഷേത്രകലകളും എല്ലാം ഈ വിഭാഗത്തിൽ പെടുന്നു. സമൂഹത്തിന്റെ ഐക്യമാണ് പ്രധാന ലക്ഷ്യം.

**10. രാഷ്ട്രത്തിന്റെ ഐക്യത്തിനായുള്ള ആചാരങ്ങൾ** :

വൈവിധ്യമാർന്ന ഭാഷയും, വേഷങ്ങളും, കലകളും ജീവിതശൈലിയുമെല്ലാമുള്ള ഭാരതീയരെ തമ്മിൽ കോർത്തിണക്കുന്ന ആചാരങ്ങൾ, ഉത്സവങ്ങൾ, തീർത്ഥാടന രീതികൾ, ഉദാഹരണങ്ങളാണ്. ഭാരതത്തിന്റെ ഉത്ഗ്രഥനം തന്നെ പ്രധാന ലക്ഷ്യം.

**IISH ന്റെ പരമമായ ലക്ഷ്യവും മാർഗ്ഗവും** : മനസ്, ശരീരം, കുടുംബം, സംസ്കാരം, സമൂഹം, രാഷ്ട്രം, എന്നീ ആറു ഘടകങ്ങളെ തിന്മയിൽ നിന്ന് നന്മയിലേക്കും, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും അശാന്തിയിൽ നിന്ന് ശാന്തിയിലേയ്ക്കും നയിക്കാനുള്ള ഈ സന്ദേശങ്ങൾ നമുക്ക് ജീവിതത്തിൽ പകർത്താം.

(മറുപുറം)

Scanned with CamScanner

## C. ഭാരതീയ ആത്മീയത പഠിക്കേണ്ട രീതി

**11. ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും :**

പൂജയും പ്രാർത്ഥനയും ക്ഷേത്രവുമായി ബന്ധപ്പെട്ട ആചാരാഘോഷങ്ങളെല്ലാമടങ്ങുന്ന സാധാരണക്കാരന്റെ നിലവാരത്തിലെ ആത്മീയത. ക്ഷേത്രപൂജ, വഴിപാട്, അനുഷ്ഠാനം എന്നിവയിലൊതുങ്ങുന്നതാണിത്. ഹൈന്ദവ ജീവിത ആത്മീയതയുടെ ഒന്നാം പാഠമാണിത്.

**12. അവതാരങ്ങളുടെ നിലവാരത്തിലേക്കുയരുന്ന ആത്മീയത :**

സ്വയം ഓരോ വ്യക്തിയും തിന്മകൾ കുറഞ്ഞവരായി നന്മ നിറഞ്ഞവരായിത്തീരുന്ന ഇതിഹാസ നിലവാരത്തിലെ ആത്മീയത. ശങ്കരാചാര്യർ, മഹർഷിമാർ, ശ്രീകൃഷ്ണൻ..!സംഗീത - സാഹിത്യ - ശാസ്ത്ര - കലാ മണ്ഡലങ്ങളിലെ പ്രതിഭകളും അവതാരങ്ങളാണ്. അവതാരമായി നമുക്കുയരാനാകണം.

**13. ത്രിമൂർത്തീ– ത്രിശക്തി സങ്കൽപം :**

സൃഷ്ടി സ്ഥിതി സംഹാരശക്തികൾ അകത്തും പുറത്തുമുണ്ടെന്നും, ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തി മനസ്സിലും, തലച്ചോറിലും, ശരീരത്തി ലും നിറഞ്ഞിരിക്കുന്നു എന്നും അനുഭവിച്ചറിയുന്ന ആത്മീയതയുടെ നിലവാരം. മാനസികമായും ബുദ്ധിപരമായും ജ്ഞാന- വിജ്ഞാനപരവുമായ ഉയർച്ചയാണിത്. ഇത് മൂന്നാമത്തെ ആത്മീയ നിലവാരമാണെന്നറിയണം.

**14. പ്രപഞ്ചപുരുഷ സങ്കൽപം :**

ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന ഈശ്വരചൈതന്യം ഓരോ അണുവിലും എന്നിലും നിന്നിലും ഈ മഹാപ്രപഞ്ചത്തിലും നിറഞ്ഞതാണെന്നറിയുന്ന വേദനിലവാരത്തിലെ ആത്മീയത. ഭഗവത്ഗീതയിലും വേദത്തിലും പ്രാർത്ഥനകളിലും വിവരിക്കുന്ന വിശ്വരൂപ ദർശനത്തിലെ നിലവാരം ആൽബർട്ട് ഐൻസ്റ്റീൻ വിവരിച്ചത് ഇതു തന്നെയാണ്.

**15. ആത്മ പരമാത്മ പരബ്രഹ്മ സങ്കൽപം**

സർവ്വചരാചരങ്ങളിലും നിറഞ്ഞിരിക്കുന്ന ആത്മചൈതന്യവും പരമാത്മചൈതന്യവും ഒന്നാണെന്നറിയുന്ന ഉപനിഷദ് നിലവാരത്തിലെ ആത്മീയത. അനുഭവിച്ചറിയേണ്ടതാണിതെല്ലാം. സർവ്വ ജീവജാലങ്ങളിലുമുള്ള ജീവാത്മചൈതന്യത്തെക്കുറിച്ചറിയുന്ന അവസ്ഥ. പ്രായോഗികമായും താത്വികമായും പരമോന്നതാവസ്ഥ.

## D. ശാസ്ത്ര സാങ്കേതിക പൈതൃകം പഠിക്കേണ്ട രീതി

**16. ഗണിതശാസ്ത്രവും, ജ്യോതിശാസ്ത്രവും :**

അസാധാരണ നിലവാരത്തിലുള്ള വിജ്ഞാന പൈതൃകമുള്ള രണ്ടു ശാസ്ത്ര ശാഖകളാണ് ഗണിത ശാസ്ത്രവും ജ്യോതിശാസ്ത്രവും. സംഖ്യാസമ്പ്രദായം മുതൽ പഠിക്കണം, ഗണിത തിയറങ്ങളും, സൂത്രവാക്യങ്ങളും, സമവാക്യങ്ങളുമെല്ലാം ഇവിടെ വരുന്നു.

**17. ലോഹതന്ത്ര, രസതന്ത്രവിജ്ഞാനം :**

വിവിധ ലോഹങ്ങളുടെ ഉൽകർഷണം, ശുദ്ധീകരണം, ലോഹസങ്കരം, രാസവസ്തുക്കൾ, രസതന്ത്രവിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു. ഇന്നും പ്രത്യക്ഷമായി കാണാവുന്ന ലോഹ സംസ്കരണരീതികൾ വിവരിക്കണം. ആയിരക്കണക്കിന് രസഗ്രന്ഥങ്ങളിവിടെയിന്നുമുണ്ട്.

**18. സിവിൽ എൻജിനീയറിംഗ് വിജ്ഞാനം :**

വൻ ക്ഷേത്രങ്ങൾ, ഗോപുരങ്ങൾ, മണ്ഡപങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ ഇവയെക്കുറിച്ചെല്ലാം സാമാന്യ ജ്ഞാനം നൽകണം, ചോള, ചേര, പാണ്ഡ്യ, പല്ലവ ക്ഷേത്രനിർമ്മാണങ്ങൾ ഉത്തര ഭാരതത്തിലെ കൊട്ടാരങ്ങളും ഉൾപ്പെടുന്നു.

**19. ഔഷധങ്ങളും ആരോഗ്യശാസ്ത്രവും**

യോഗ, ആയുർവ്വേദം, ഭക്ഷ്യശാസ്ത്രം, ഔഷധ നിർമ്മാണം, അരിഷ്ട നിർമ്മാണങ്ങളുടെ ശാസ്ത്രം. ഇവയിലെല്ലാമുള്ള ഉപകരണങ്ങളും ദ്രവ്യങ്ങളും, സംസ്കരണരീതികളും ഇവിടെ വിവരിക്കണം.

**20. യന്ത്രങ്ങൾ ശസ്ത്രങ്ങൾ :**

വിവിധ തരത്തിലുള്ള യന്ത്രങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ, ആയുധങ്ങൾ, സംഗീത ഉപകരണങ്ങൾ, ചൂളകൾ എല്ലാം ഇവിടെയുള്ള വിവരണത്തിൽ ഉൾപ്പെടണം.

**21.** ആത്മീയഗ്രന്ഥങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും നിറഞ്ഞിരിക്കുന്ന ആത്മീയതയും ധന്യവുമാണ്.

Brochure written by Dr. N. Gopalakrishnan, M.A., M.Sc (Chem), M.Sc (Pharm), MBA, Ph.D, D.Litt. (Scientist & Director) Indian Institute of Scientific Heritage, Trivandrum - 695 018., Ph : 0471 - 2490149, www.iish.org, iishservice1@gmail.com. www.iish.org, www.dharmanews.in, www.dharmaradio.in, www.dharmamessages.in, youtube, facebook - dr.n.gopalakrishnan.

IISH നാഷണൽ ഹെറിറ്റേജ് സെന്ററും
മഴുവഞ്ചേരി മഹാദേവക്ഷേത്രവും
✆ 9446361149

